ഇ.ബി.XIII –കേരള നിയമസഭ/X—10

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യം**

മി. സ്പീക്കര്: എൻഡോസൾഫാൻ ദുരന്തത്തിൽ രക്തസാക്ഷികളായവരുടെ കുടുംബങ്ങളേയും പിഞ്ചുകുട്ടികളടക്കമുള്ള ദുരിതബാധിതരേയും മുന്നിൽക്കണ്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തപ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളവർക്കുള്ള ആനുകൂല്യങ്ങൾ അട്ടിമറിക്കപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്), വി.എസ്. സുനിൽകുമാര്, സി.കെ. നാണു, കോവൂർ കുഞ്ഞുമോന്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് കൃഷി വകുപ്പുമന്ത്രി ചെയർമാനും കളക്ടർ കൺവീനറുമായ കമ്മിറ്റി പ്രവർത്തിക്കുന്നത്. അനർഹർക്ക് ആനുകൂല്യം നൽകുന്ന സാഹചര്യം ഉണ്ടാകില്ല. എൻഡോസൾഫാൻ ദുരിതബാധിതരായ 4789 പേർക്ക് രണ്ടായിരം രൂപ വച്ച് മാസംതോറും പെൻഷൻ നൽകുന്നുണ്ട്. ഡോ. അരവിന്ദൻ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശ കിട്ടുന്ന മുറയ്ക്ക് 711 പേരെക്കൂടി പെൻഷൻ നൽകുന്നതിന് പരിഗണിക്കുന്നതാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരന്തംമൂലം പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും 5 ലക്ഷം രൂപവച്ചും ഭാഗികമായി കിടപ്പിലായവർക്ക് 3 ലക്ഷം രൂപവച്ചും മൂന്ന് ഗഡുക്കളായി ധനസഹായം നൽകാൻ തീരുമാനിച്ച് ആദ്യഗഡു

നൽകി. രണ്ടാംഗഡു ഉടൻതന്നെ നൽകുന്നതുമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പരിധിയിൽ കാൻസർ രോഗികളെക്കൂടി ഉൾപ്പെടുത്തുകയും അവർക്ക് 3 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ നടപ്പാക്കുന്നത് സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കിയശേഷംമാത്രമേ അവസാന തീരുമാനമെടുക്കുകയുള്ളൂ. കൂടുതൽ പഞ്ചായത്തുകൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതു സംബന്ധിച്ച് ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജില്ലാകളക്ടർ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതർ എടുത്ത കടത്തിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തത്തിന് കാരണക്കാരായ പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ആദ്യ ഗഡുവായി 27 കോടി രൂപ ലഭിച്ചു. രണ്ടാം ഗഡുവായ 26 കോടി രൂപ ഉടൻതന്നെ ലഭിക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുപുറമേ സാമൂഹിക ക്ഷേമവകുപ്പ് വിപുലമായ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ദുരിതബാധിതർക്ക് മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കുന്നതിന് ഗവൺമെന്റ് തുടർന്നും സന്നദ്ധമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്): കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷനും സർക്കാരും നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്ക് മുമ്പിൽ 26-01-2014 മുതൽ അനിശ്ചിതകാല സമരം ആരംഭിച്ചിരിക്കുകയാണ്. സമരക്കാർ ദേശീയ വിരുദ്ധ ശക്തികളും ക്രിമിനലുകളുമാണെന്നും ഡോക്ടർമാരെ ഭീഷണിപ്പെടുത്തിയാണ് ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതെന്നും കാണിച്ച് എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതി സംബന്ധിച്ച് അന്വേഷിക്കാൻ ഉത്തരവിട്ടതനുസരിച്ച് ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറോടും ജില്ലാ മെഡിക്കൽ ഓഫീസറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ ക്യാമ്പുകൾ നടത്തി ശാസ്ത്രീയമായാണ് രോഗികളെ കണ്ടെത്തുന്നത്. നിരവധിപേർ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പരിധിക്ക് പുറത്താണ്. ട്രിബ്യൂണൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ശുപാർശ ചെയ്യാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി നിലവിലുള്ള രോഗികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കേണ്ടതില്ലെന്ന രീതിയിൽ ശുപാർശ ചെയ്തിരിക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുകയാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ അവകാശങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്

18-2-2013-ൽ നടത്തിയ നിരാഹാര സമരം ഒത്തുതീർപ്പാക്കിക്കൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലെടുത്ത പല തീരുമാനങ്ങളും നടപ്പിലാക്കിയിട്ടില്ല. കടം എഴുതിത്തള്ളുന്നത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി ഇതുവരേയും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ബഡ്സ് സ്കൂളുകളിലെ ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ആവശ്യമായ വേതനം കൊടുക്കുന്നില്ല. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും അർഹമായ ആനുകൂല്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനും കാൻസർ രോഗികൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ദുരിതബാധിതർക്ക് സൗജന്യ റേഷനും ചികിത്സയും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. എൻഡോസൾഫാൻ ദുരിതബാധിതരുള്ള പഞ്ചായത്തുകളെ ദുരിതബാധിത മേഖലയായി പ്രഖ്യാപിക്കണം. ദുരിതബാധിതരുടെ ബൈ-സ്റ്റാന്റേഴ്സിന് വർദ്ധിപ്പിച്ച അലവൻസ് തുക ലഭ്യമാക്കുകയും ദുരിതാശ്വാസം നൽകുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും വേണം. ഇവരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി യഥാസമയം യോഗം കൂടാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : എൻഡോസൾഫാൻ

ദുരിതബാധിതരുടെ പ്രശ്നങ്ങളിൽ ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തുകയും ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി എല്ലാമാസവും യോഗം ചേരുകയും ചെയ്യുന്നുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഈ മാസം ഇരുപത്തിയഞ്ചാം തീയതി ചേർന്ന യോഗത്തിൽ മാത്രമാണ് എനിക്ക് ഹാജരാകാൻ കഴിയാതിരുന്നത്. കമ്മിറ്റി എല്ലാമാസവും കൂടുകയും യോഗതീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സമരം നടത്തുന്നവരെ സംബന്ധിച്ച് എൻഡോസൾഫാൻ കമ്പനി കേന്ദ്രഗവൺമെന്റിനു നൽകിയ പരാതി നടപടിക്രമമനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് അയച്ചുതരിക മാത്രമാണ് ചെയ്തിട്ടുള്ളത്. ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചചെയ്തതിനുശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ. കൂടുതൽ പ്രദേശങ്ങളെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളായി കണക്കാക്കുന്നതിനും കാൻസർ രോഗികൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. ദുരിതബാധിതർക്ക് സൗജന്യചികിത്സ

നൽകുന്നതാണ്. ചികിത്സാ സഹായം ലഭ്യമായിട്ടില്ലെന്ന പരാതി അന്വേഷിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : വിവിധ ആവശ്യങ്ങളിൻമേൽ എൻഡോസൾഫാൻ ദുരിതബാധിതർ മുഖ്യമന്ത്രിയുടെ വസതിക്കുമുമ്പിൽ റിപ്പബ്ലിക് ദിനം മുതൽ അനശ്ചിതകാല കഞ്ഞിവയ്പ്പ് സമരം ആരംഭിച്ചിരിക്കുകയാണ്. നേരത്തെ 27 പഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ വൈദ്യസഹായം ഏർപ്പെടുത്തിയിരുന്നുവെങ്കിൽ ഇപ്പോൾ കശുമാവിൻ തോട്ടങ്ങളുള്ള 11 പഞ്ചായത്തുകളെ മാത്രമാണ് പരിഗണിച്ചിരിക്കുന്നത്. ഇതുമൂലം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ആശ്വാസധനം ദുരിതബാധിതർക്ക് ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ രോഗബാധിതരായി കണക്കാക്കിയിട്ടുള്ള 5500 പേരിൽ 2046 പേർക്ക് മാത്രമേ ആദ്യഗഡു ധനസഹായം ലഭിച്ചിട്ടുള്ളു. രണ്ടാംഗഡുവിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ദുരിതബാധിതരുടെ കടബാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചെങ്കിലും ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. മൊറട്ടോറിയത്തിന്റെ കാലാവധി അവസാനിച്ചതിനാൽ ജപ്തി

ഭീഷണി നിലനിൽക്കുന്നു. ജസ്റ്റീസ് രാമചന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട് എൻഡോസൾഫാൻ ദുരിതബാധിതരെ പ്രിതികൂലമായി ബാധിക്കുന്നതായതിനാൽ റിപ്പോർട്ട് തള്ളിക്കളയണം. എൻഡോസൾഫാൻ ദുരിതബാധിതർ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിന് ഇന്നുതന്നെ ചർച്ച നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സമരവുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമരക്കാർ തയ്യാറാണെങ്കിൽ ഇന്നുതന്നെ ചർച്ച ചെയ്യാം.

**ശ്രദ്ധ ക്ഷണിക്കൽ**

**(1) സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. വി. ഡി. സതീശൻ: മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠനപരിശീലനം നൽകുന്ന സ്പെഷ്യൽ സ്കൂളുകൾ അവഗണന നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള 53 സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരും 207 സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരുമാണ് ഗ്രാന്റ് നൽകുന്നത്. സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് ഗ്രാന്റ് വർദ്ധിപ്പിക്കാത്തതിനാൽ നാമമാത്രമായ തുക പോലും സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല. 18 വയസ്സ് കഴിഞ്ഞവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും കേന്ദ്രഗവൺമെന്റിൽനിന്ന് ലഭിക്കുന്നില്ല. സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചതിനാൽ നാമമാത്രമായ

തുകപോലും ഗ്രാന്റായി ലഭിക്കുന്നില്ല. അദ്ധ്യാപകർക്ക് അനുവദിച്ചിരിക്കുന്ന തുച്ഛമായ ഓണറേറിയം യഥാസമയം നൽകുന്നില്ല. ഈ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതുവരെ ഐ.ഇ.ഡി.എസ്/എസ്.എസ്.എ. യിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന തുക ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്കും നൽകണം. ദൃശ്യ-ശ്രവണ വൈകല്യമുള്ളവർക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി അംഗീകരിച്ച് കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസം നൽകുന്നത് സ്വാഗതാർഹമാണ്. വിഭിന്നശേഷിയുള്ളവർക്ക് തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും നൽകുന്നതിന് പാർലമെന്റ് പാസ്സാക്കിയ നിയമം സംസ്ഥാന സർക്കാരും നടപ്പിലാക്കണം. ഏതാണ്ട് നാലുലക്ഷത്തോളം വിഭിന്നശേഷിയുള്ള കുട്ടികളുള്ള ഈ സംസ്ഥാനത്ത് അവർക്കായി സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു സ്കൂൾ പോലും ആരംഭിച്ചിട്ടില്ലെന്നത് ദൗർഭാഗ്യകരമാണ്. ഈ പ്രശ്നം സർക്കാർ ഗൗരവമായി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്):</u> മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള 278 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട ആക്ടിലെ റൂൾസ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ്

സ്കൂളുകളും ഇതിൽപ്പെടുന്നു. അതിൽ 55 സ്ഥാപനങ്ങൾക്ക് 'ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം' പ്രകാരം കേന്ദ്രഗവൺമെന്റിൽനിന്നും ഏതാണ്ട് 7 കോടിയോളം രൂപ സാമ്പത്തിക സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഓരോ വർഷവും സാമ്പത്തിക സഹായം നൽകുന്നുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2013-14-ൽ ബഡ്ജറ്റിൽ പത്ത് കോടി രൂപ വകയിരുത്തി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഓണറേറിയം നൽകുന്നതിനായി ഒരു കുട്ടിക്ക് പ്രതിവർഷം 2,000/- രൂപ നിരക്കിൽ ഓരോ സ്ഥാപനത്തിനും അധിക സാമ്പത്തിക സഹായം നൽകുന്നതിനായി 3.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അപേക്ഷ സമർപ്പിച്ചിരുന്ന 240 സ്ഥാപനങ്ങൾക്ക് തുക വിതരണം ചെയ്യുകയുമുണ്ടായി. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച പ്രൊഫ. എം.കെ. ജയരാജൻ കമ്മീഷൻ ശുപാർശ പ്രകാരം ഒരു ഏകീകൃത പാഠ്യപദ്ധതി ഈ വർഷംതന്നെ നടപ്പാക്കാൻ

എസ്.സി.ഇ.ആർ.ടി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ അക്കാദമിക് വർഷം മറ്റ് കുട്ടികൾക്ക് പാഠപുസ്തകം നൽകുന്ന അതേ സമയത്തുതന്നെ ഇവർക്കും പാഠപുസ്തകം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

**(2) <u>അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. എസ്. ശർമ്മ:</u> ചികിത്സയ്ക്കും ഗവേഷണത്തിനുമായി കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും അതിന് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യാത്തതിൽ പ്രതിഷേധിച്ച് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ എറണാകുളം കളക്ടറേറ്റിനു മുന്നിൽ ഇന്ന് ധർണ്ണ നടക്കുകയാണ്. മധ്യകേരളത്തിൽ കാൻസർ സെന്ററിനായി കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിക്കുകയും 35 ഏക്കർ സ്ഥലം ലഭ്യമാകുകയും ചെയ്തെങ്കിലും തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ തുക ലാപ്സായി. ഈ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തുകയോ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കേന്ദ്രസഹായം ലഭ്യമാകുന്നതിന് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും സ്പെഷ്യൽ ഓഫീസറെയും കൺസൾട്ടൻസിയെയും അടിയന്തരമായി നിയോഗിക്കുകയും

ചെയ്യണം. ഇതിനുവേണ്ടി ഒരു കൺസോർഷ്യം രൂപീകരിച്ച് കൊച്ചിയിലെ വ്യാപാര - വ്യവസായ മേഖലകളിൽനിന്നും വൻതോതിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : എറണാകുളത്ത് ചേർന്ന ഉന്നതതല യോഗ തീരുമാനപ്രകാരം ആരോഗ്യവകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് മന്ത്രിസഭ അനുമതി നൽകുകയും ഡി.പി.ആര്. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസിയെ നിയോഗിക്കുന്നതിന് ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഡോ. വി.പി. ഗംഗാധരനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ആരോഗ്യവകുപ്പ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ട് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് നാൽപ്പത്തിയഞ്ചുകോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് സപ്പോർട്ടോടുകൂടി പ്രവർത്തനമാരംഭിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്-കം-റിസർച്ച് സെന്ററിന് ഡി.പി.ആര്. തയ്യാറാക്കുന്ന മുറയ്ക്ക് ആവശ്യമുള്ള തുക അനുവദിക്കുന്നതും സമയബന്ധിതമായി പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള

കൊച്ചി മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള സ്ഥലം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി നീക്കിവയ്ക്കുന്നതാണ്. കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ തിരുവനന്തപുരം ആര്.സി.സി.-യെ നാഷണൽ കാൻസർ സെന്ററായും തലശ്ശേരി കാൻസർ സെന്ററിനെ ആര്.സി.സി.-യായും മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>സബ്മിഷൻ</u>**

(1) **<u>കേരളത്തിൽ നിന്ന് എത്തുന്നവർക്ക് താമസ സൗകര്യം</u>**

<u>ശ്രീ. ഹൈബി ഈഡൻ</u> : കേരളത്തിൽനിന്നും എത്തുന്ന ആളുകൾ താമസത്തിനും ഭക്ഷണത്തിനുമായി ആശ്രയിക്കുന്ന ഡൽഹി കേരളാ ഹൗസിൽ മുറികളുടെ അപര്യാപ്തത മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ അധീനതയിലുള്ള ഭൂമിയിൽ പുതിയ ബ്ലോക്കുകളും മുറികളും നിർമ്മിക്കുന്നതിനും ട്രാവൻകൂർ പാലസിനെ കൾച്ചറൽ സെന്ററാക്കി മാറ്റുന്നതിനും കെ.റ്റി.ഡി.സി. മോഡൽ ഹോട്ടൽ ആരംഭിക്കുന്നതിനും എം.എല്.എ. മാർക്ക് വാഹനസൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : പതിനാറ് ഏക്കറിൽ മൂന്നു പ്ലോട്ടുകളിലായി വ്യാപിച്ചുകിടക്കുന്ന ഡൽഹി കേരളാ ഹൗസിൽ കൊച്ചിൻ

ഹൗസിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ട്രാവൻകൂർ പാലസ് കോമ്പൗണ്ടും കപൂർത്തല പ്ലോട്ടും പ്രയോജനപ്പെടുത്തി താമസസൗകര്യം, റസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ എന്നിവ ഉൾക്കൊള്ളിച്ച് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പദ്ധതിയുടെ രൂപരേഖ മന്ത്രിസഭായോഗം അംഗീകരിച്ചുവെങ്കിലും ഡൽഹി മുനിസിപ്പൽ കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചില്ല. അനുമതി കിട്ടുന്ന മുറയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും കെ.റ്റി.ഡി.സി. ഹോട്ടൽ തുടങ്ങുകയും ചെയ്യും. കേരള ഭക്ഷണം ലഭ്യമാക്കുന്നതിനായി കേരളാ ഹൗസ് അനെക്സിൽ സമൃദ്ധി എന്ന പേരിൽ പുതുതായി ഒരു റെസ്റ്റോറന്റ് ആരംഭിച്ചിട്ടുണ്ട്. എം.എല്.എ. മാർക്ക് വാഹനസൗകര്യം ഏർപ്പെടുത്തുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(2) <u>നഴ്സിംഗ് വിദ്യാർത്ഥികളുടെ റെഗുലറൈസേഷൻ</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണന്:</u> മഹാരാഷ്ട്രയിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് ചേർന്നിട്ടുള്ള കുട്ടികളുടെ പഠനം പൂർത്തീകരിക്കുന്നതിനും അവർക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): മഹാരാഷ്ട്ര സർക്കാരിന്റെ എൻട്രൻസ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മാത്രമേ പുതുതായി അഡ്മിഷൻ കൊടുക്കാവൂ എന്ന വ്യവസ്ഥ നിലവിൽ വന്ന സാഹചര്യത്തിൽ എൻട്രൻസ് എഴുതാതെ

പ്രവേശനം നേടിയ കുട്ടികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

(3) **പിഴ ഒഴിവാക്കൽ**

ശ്രീ. കെ. അജിത്: പാടശേഖര സമിതികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് പിഴ ഒഴിവാക്കി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : 2013-14-ലെ ബഡ്ജറ്റിലൂടെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ അടയ്ക്കേണ്ട ഫീസ്, പിഴ എന്നിവയിൽ വർദ്ധനവ് വരുത്തിയതിനാൽ സാമ്പത്തികശേഷി കുറഞ്ഞ സംഘങ്ങൾ നേരിടേണ്ടിവന്നിരിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തീരുമാനം നടപ്പാക്കുന്നതിലൂടെ പരിഹരിക്കുന്നതാണ്.

(4) **ആയുർവ്വേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സാ സൗകര്യം**

ശ്രീ. എൻ ഷംസുദ്ദീൻ : മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ആയുർവ്വേദ ഡിസ്പെൻസറിയെ കിടത്തി ചികിത്സാ സൗകര്യമുള്ള

ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): അലനല്ലൂർ ആയുർവ്വേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്താനാവശ്യമായ കെട്ടിടസൗകര്യമുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഡിസ്പെൻസറിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ ഭൗതീകസൗകര്യങ്ങൾകൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയുണ്ട്. ആയതിനാൽ പ്രസ്തുത സൗകര്യങ്ങൾ ഒരുക്കി പഞ്ചായത്ത് തീരുമാന മുൾപ്പെടെ സർക്കാരിലേയ്ക്ക് ശുപാർശചെയ്യുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണി ക്കുന്നതാണ്.

## (5) ജനനമരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: യഥാസമയം ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവരുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ജനന മരണ രജിസ്ട്രേഷൻ ആക്ട്, ചട്ടങ്ങൾ എന്നിവപ്രകാരം ജനനമരണങ്ങൾ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തപക്ഷം ഫസ്റ്റ് ക്ലാസ്

മജിസ്ട്രേറ്റിന്റെയോ പ്രസിഡൻസി മജിസ്ട്രേറ്റിന്റെയോ ഉത്തരവിൻപ്രകാരം പത്ത് രൂപ പിഴയൊടുക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ജനനമരണങ്ങൾ രജിസ്ട്രേഷൻ ചട്ടങ്ങൾപ്രകാരം ഏതെങ്കിലും ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യാത്തപക്ഷം രജിസ്ട്രാര്, ഫോറം നമ്പർ പത്തിൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നപക്ഷം ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആശുപത്രികളിലും ഓൺലൈനായും നേരിട്ടും രജിസ്റ്റർ ചെയ്യുന്നതിനുപുറമെ ഇതുസംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള നടപടിക്രമങ്ങൾ പ്രകാരം ഒരു വർഷത്തിനുശേഷമായാലും ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കണമെങ്കിൽ നിലവിലുള്ള ജനനമരണ രജിസ്ട്രേഷൻ സംബന്ധിച്ച കേന്ദ്ര നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യാൻ സർക്കാർ സന്നദ്ധമാണ്.

## (6) <u>**കുടിവെള്ള ക്ഷാമം**</u>

<u>ശ്രീമതി ഗീതാ ഗോപി:</u> നാട്ടിക നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പമ്പിംഗ്-വിതരണ ശൃംഖലകളിലെ കേടായതും പഴയതുമായ പൈപ്പുകളുടെ ലീക്കുകൾമൂലം കുടിവെള്ളവിതരണത്തിൽ ഉണ്ടായിട്ടുള്ള തടസ്സം പരിഹരിക്കുന്നതിനായി ഇരുപത്തിയേഴ് കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (7) കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും വ്യാപനം തടയൽ

ശ്രീ. ലൂഡി ലൂയിസ്: വിദ്യാർത്ഥികളെയും യുവാക്കളെയും നശിപ്പിക്കുന്ന കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സംസ്ഥാനത്ത് കഞ്ചാവിന്റെയും മദ്യത്തിന്റേയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചതിലൂടെ കഞ്ചാവിന്റെ ഉല്പാദനം ഗണ്യമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. 1985-ലെ നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റാൻസസ് ആക്റ്റിലെ വിവിധ വകുപ്പുകൾ എൻഫോഴ്സ് ചെയ്യുന്നതിലൂടെ

മയക്കുമരുന്നിന്റെ ഉല്പാദനം, വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനും കുറ്റവാളികൾക്ക് പരമാവധി ശിക്ഷ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപഭോഗം ഇല്ലാതാക്കാൻ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽപ്പോയി കഞ്ചാവ് കൃഷി ചെയ്ത് കേരളത്തിലേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(8) **ഭവന വായ്പ ലഭ്യമാക്കൽ**

ശ്രീ. എ. എം. ആരിഫ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന ധനസഹായം കുടിശ്ശിക പുന:ക്രമീകരിച്ച് പുതുക്കിയ നിരക്കിൽ ലഭ്യമാക്കാനും മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണം പൂർത്തീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായും ഗ്രാന്റായാണ് നൽകിവരുന്നത്. ഭവന നിർമ്മാണത്തിനാവശ്യമായ തുകയുടെ പത്ത് ശതമാനംപോലും ഗുണഭോക്താക്കൾക്ക്

ലഭ്യമാകുന്നില്ല എന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത ആവശ്യത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. വർഷങ്ങളായി മുടങ്ങികിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കാനാവശ്യമായ ധനസഹായം നൽകുന്നകാര്യം ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. 2006 മാർച്ച് 31 വരെയുള്ള കാലയളവിലെ 50,000 രൂപ വരെയുള്ള കടം എഴുതിത്തള്ളുന്നതിനാവശ്യമായ തുക സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നെടുത്ത പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ലോണുകൾ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### (9) ലക്ഷം വീട് കോളനിയിലെ താമസക്കാർക്ക് പട്ടയവും വീട് നിർമ്മാണത്തിന് ധനസഹായവും

ശ്രീ. കെ. ശിവദാസൻ നായർ: കേരളത്തിലെ ലക്ഷംവീട് കോളനികളിലെ നിലവിലെ താമസക്കാർക്ക് പട്ടയവും ഒരു കെട്ടിടത്തിൽ ഒരു വീട് എന്ന നിലയിൽ ഭവനം പുതുക്കി പണിയുന്നതിനുമാവശ്യമായ ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ മുഖേന സർക്കാർ ചെലവിൽ വസ്തു വാങ്ങിയാണ് ലക്ഷംവീട് പദ്ധതി നടപ്പിലാക്കിവരുന്നത്. അർഹരും സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരുമാണെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്നപക്ഷം പട്ടയം നൽകുന്നതാണ്. കേരളാ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയങ്ങളുടെ വ്യവസ്ഥകളും ലക്ഷംവീട് ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള പുനരധിവാസ ഭവന നിർമ്മാണ പദ്ധതികളുടെ വ്യവസ്ഥകളും ഭൂമി പതിവ് ചട്ടങ്ങളിൽനിന്നും വ്യത്യസ്തമായതിനാൽ പട്ടയ ഫോറങ്ങളിൽ ഭൂമി അന്യാധീനപ്പെടുത്താനുള്ള വ്യവസ്ഥ ഒഴിവാക്കി വിതരണം ചെയ്യണമെന്നുള്ള ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. 2013-ലെ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷംവീട് പദ്ധതിയിൽ പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സിംഗിൾ യൂണിറ്റിന് 2 ലക്ഷം രൂപവരെ ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകിയതിൻപ്രകാരം 6465 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്തിന്റെ ശുപാർശ കണക്കിലെടുത്ത് നിലവിലെ കൈവശക്കാർക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (10) **സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം**

<u>ശ്രീ. സാജു പോൾ</u>: അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം വിതരണത്തിൽ ഉണ്ടായ അലംഭാവം സംബന്ധിച്ച് മറുപടി പറയാൻ സർക്കാർ തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ പി.കെ. അബ്ദു റബ്ബ്):</u> നിലവിൽ എസ്.എസ്.എ. പദ്ധതിപ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ ദാരിദ്ര്യ രേഖയ്ക്കുമുകളിലുള്ള എല്ലാ പെൺകുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നുണ്ടെങ്കിലും എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി കുറ്റമറ്റ നിലയിലും സുതാര്യതയിലും നടപ്പിലാക്കുന്നതിനുള്ള ഇ-ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ഗുണഭോക്താക്കളുടെ വിവരശേഖരണത്തിനും സമയം ആവശ്യമായി വന്നതിനാലാണ് കാലതാമസം നേരിട്ടത്. 2014 ജനുവരി 17-നു മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിനുള്ള മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ. ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

### (11) <u>**എ.യു.പി. സ്കൂൾ പുനരാരംഭിക്കണം**</u>

ശ്രീ എ. പ്രദീപ് കുമാര്: കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ മലാപറമ്പ് എ.യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്ത് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി.കെ. അബ്ദു റബ്ബ്): കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ മാനേജർ ഹൈക്കോടതി വിധിന്യായ പ്രകാരം സർക്കാർ മുമ്പോകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്കൂൾ അടച്ചുപൂട്ടണമെന്ന് ശുപാർശ ചെയ്തുവെങ്കിലും ഈ സ്കൂൾ അടച്ചുപൂട്ടുകയാണെങ്കിൽ വിദ്യാർത്ഥികളുടെ പഠനം ബുദ്ധിമുട്ടിലാകുമെന്ന് വിദ്യാർത്ഥികളും സ്കൂൾ ജീവനക്കാരും സ്കൂൾ സംരക്ഷണ സമിതിയും സർക്കാർ ചീഫ് വിപ്പും സർക്കാരിൽ നിവേദനം സമർപ്പിച്ചതിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടേയും കോഴിക്കോട് ജില്ലാ കളക്ടറുടേയും റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനാദായകരമായ സ്കൂളുകളുടെ കാര്യങ്ങളിൽ തീരുമാനം കൈകൊള്ളുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 4-2-2014 -ൽ ഒരു പ്രാഥമിക ചർച്ച നടത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റേയും ചർച്ചയുടേയും അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിന് വിധേയമായി മലാപ്പറമ്പ് സ്കൂളിന്റെ കാര്യം പുന:പരിശോധിക്കുന്നതും യുക്തമായ തീരുമാനം കൈകൊള്ളുന്നതുമാണ്.

(12) **സി-ആപ്റ്റിനെ രക്ഷിക്കാൻ നടപടികൾ**

(പ്രസ്തുത സബ്മിഷൻ സംബന്ധിച്ച് ശ്രീ. കെ. മുരളീധരൻ എം.എല്.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. ബി. സത്യന്: സി-ആപ്റ്റിനെ നവീകരിക്കാനും അഴിമതിയും ധൂർത്തും അവസാനിപ്പിച്ച് തകർച്ചയിൽനിന്നും രക്ഷിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി.കെ. അബ്ദു റബ്ബ്) : സി-ആപ്റ്റ് എന്ന സ്ഥാപനം പൂർണ്ണമായും സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടില്ല. ഈ ഗവൺമെന്റ് നടപ്പിലാക്കിയ ചില ഭരണപരിഷ്കാരങ്ങളുടേയും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച സാമ്പത്തിക സഹായത്തിന്റേയും പശ്ചാത്തലത്തിൽ മുൻകാല സാമ്പത്തിക ബാധ്യത കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ എന്റർപ്രൈസസ് മുഖേന ആധുനിക ഓഫ്സെറ്റ് പ്രിന്റിംഗ് മെഷിൻ വാങ്ങുന്നതിന് സംസ്ഥാന ലോട്ടറി വകുപ്പിൽനിന്നും വായ്പ നൽകിയിരുന്നുവെങ്കിലും ടെക്നിക്കൽ സ്പെസിഫിക്കേഷൻ അപര്യാപ്തമാണെന്ന അഭിപ്രായവും കെ.എസ്.ഐ.ഇ. മുഖേന വാങ്ങുന്ന യന്ത്രത്തിന്റെ വില്പനാനന്തര സേവനത്തെ സംബന്ധിച്ച് ആശങ്കകളും വന്നതിന്റെയടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലോട്ടറി

ടിക്കറ്റുകൾ ആധുനിക സമ്പ്രദായത്തിൽ അച്ചടിക്കുന്നതിനായി 5 മെഷീനുകൾ വാങ്ങിയെങ്കിലും തുടർച്ചയായുള്ള യന്ത്രത്തകരാർമൂലവും ഉന്നത നിലവാരത്തിലുള്ള വിദേശ യന്ത്രങ്ങൾ വാങ്ങുന്നതിന് രണ്ട് കോടിയിലധികം രൂപ മുതൽമുടക്ക് വേണ്ടിവരുമെന്നതിനാലും ഇത്തരം യന്ത്രങ്ങളുടെ സാങ്കേതിക വിദ്യയിൽ തുടർച്ചയായി മാറ്റം വന്നുകൊണ്ടിരിക്കുന്നതിനാലുമാണ് യന്ത്രം വാടകയ്ക്ക് എടുത്തത്. നിലവിലുള്ള യന്ത്രങ്ങളിൽ അച്ചടിക്കുന്നതിനേക്കാൾ കൂടുതൽ ടിക്കറ്റുകൾ വാടകയ്ക്കെടുത്ത യന്ത്രത്തിൽ അച്ചടിക്കാൻ സാധിക്കുകയും ലോട്ടറി വകുപ്പിൽനിന്നും സ്ഥാപനത്തിന് അധികവരുമാനം ലഭിക്കുകയും ചെയ്യുന്നുണ്ട്. ലോട്ടറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നത് സി-ആപ്റ്റിലെ ജീവനക്കാരാണ്. ഇ.പി.എഫ്. തൊഴിൽ ഉടമാ വിഹിതം പൂർണ്ണതോതിൽ പുന:സ്ഥാപിക്കുകയും ഗ്രാറ്റുവിറ്റിക്കായി പ്രത്യേക ഫണ്ട്, ജീവനക്കാർക്ക് ക്ഷേമനിധി, എന്നിവ നടപ്പാക്കുകയും ഓവർടൈം അലവൻസ് വർദ്ധിപ്പിക്കുകയും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. വാടകയ്ക്കെടുത്ത യന്ത്രത്തിൽ ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതുമൂലം നഷ്ടം സംഭവിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സി-ആപ്റ്റിൽ ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമം പുരോഗമിച്ചുവരികയാണ്.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം</u>

2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2014 ജനുവരി മാസം ഇരുപത്തിയേഴാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u>

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>തെറ്റ് തിരുത്തൽ സ്റ്റേറ്റ്മെന്റ്</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി)</u>: ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുടെ സ്റ്റാമ്പ് വിൽപ്പന പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശരിയായ പ്രസ്താവന ബഡ്ജറ്റ് പ്രസംഗത്തിലെ മുന്നൂറ്റിയിരുപതാം നമ്പർ ഖണ്ഡികയിലേതായതിനാൽ മുന്നൂറ്റിമൂന്നാം നമ്പർ ഖണ്ഡികയിൽ പറയുന്ന കാര്യങ്ങൾ സഭാരേഖയിൽനിന്നും നീക്കം

ചെയ്യേണ്ടതാണ്.

**<u>ധനകാര്യം</u>**

**<u>2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച</u>**

<u>മി. ഡെപ്യൂട്ടി സ്പീക്കര്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങളിൽ മിക്കതും നടപ്പിലാക്കിക്കഴിഞ്ഞു. ദീർഘകാലത്തെ അനുഭവജ്ഞാനവും ധനകാര്യ മാനേജ്മെന്റിലെ വൈദഗ്ദ്ധ്യവും കൊണ്ടാണ് സാമ്പത്തിക മാന്ദ്യവും പണപ്പെരുപ്പവും സൃഷ്ടിച്ച പ്രശ്നങ്ങളെ അതിവിദഗ്ദ്ധമായി അതിജീവിച്ച് ഒരു ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യവകുപ്പുമന്ത്രിക്ക് സാധിച്ചത്. ധാരാളം വികസന-ക്ഷേമപ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ ഏറ്റവും മികച്ച സംസ്ഥാനം കേരളമാണെന്നാണ് സർവ്വേയിൽ കണ്ടെത്തിയിരിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം നേടാൻ കേരളത്തിന്റെ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും സമൂഹത്തിന്റെ അടിത്തട്ടിലുള്ള പാവപ്പെട്ട വരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. പാവപ്പെട്ടവർക്ക് നീതി ലഭ്യമാക്കാൻ തടസ്സമായി നിൽക്കുന്ന ചട്ടങ്ങളെയെല്ലാം ഒഴിവാക്കിക്കൊണ്ട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങളുടെ ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം

കാണാൻ സാധിച്ച എന്നതും സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടപടിക്രമങ്ങൾ പൂർത്തിയായ കേരളത്തിന്റെ സ്വപ്നപദ്ധതികളായ സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖ പദ്ധതി എന്നിവ നടപ്പിലാക്കാൻ കഴിഞ്ഞ എല്.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. യു.ഡി.എഫ്. സർക്കാർ വിണ്ടും അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളും കൊച്ചി മെട്രോ, കോഴിക്കോട്ടും തിരുവനന്തപുരത്തും മോണോ റെയിൽ എന്നീ പദ്ധതികളും യാഥാർത്ഥ്യമാകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിലനിന്നിരുന്നതിനേക്കാളും കുറവാണ് ഇപ്പോൾ അരിയുടെ വില. ബി.പി.എല്. വിഭാഗത്തിന് ഒരു രൂപ നിരക്കിൽ ഇരുപത്തിയഞ്ച് കിലോ അരി റേഷൻ കടകൾ വഴി നൽകുന്നതിനും കാരുണ്യ ലോട്ടറി വഴി 27275 പേർക്ക് സഹായം നൽകുന്നതിനും ലക്ഷക്കണക്കിന് ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചു. കർഷകർക്ക് ആശ്വാസം പകരുന്ന ഒരു ബഡ്ജറ്റാണ് ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ലാപ്ടോപ് സൗജന്യമായി കൊടുക്കുന്നതിനും അനാഥരായ കുട്ടികളുടെ പ്ലസ് ടു - വരെയുള്ള ചെലവ് സർക്കാർ വഹിക്കുന്നതിനും എടുത്ത തീരുമാനം പ്രശംസനീയമാണ്. ചികിത്സയ്ക്കായി രോഗികൾക്ക് മാസംതോറും ആയിരം രൂപവീതം കൊടുക്കുന്നതിനും പതിനെട്ട്

വയസ്സ്‌വരെയുള്ള കുട്ടികളുടെ മുഴുവൻ ചികിത്സാചെലവും വഹിക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗ്യാസിന്റെ വില കുറയ്ക്കുന്നതിന് സംസ്ഥാനത്തിന് കിട്ടേണ്ട നികുതി ഉപേക്ഷിക്കുന്നതിനും ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതിനും വൃക്കരോഗികൾക്കുള്ള പ്രതിമാസ പെൻഷനും ക്യാൻസര്, കുഷ്ഠം, ക്ഷയം എന്നീ രോഗികൾക്കുമുള്ള ധനസാഹായം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. സർക്കാർ എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് ആയിരം രൂപയായി വർദ്ധിപ്പിച്ചതിനു പുറമേ അനാഥാലയങ്ങളിലെ അന്തേവാസികളുടെ പ്രതിമാസ പെൻഷനും എൺപതുവയസ്സു കഴിഞ്ഞ വർക്കുള്ള പെൻഷനും ഗണ്യമായി വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. ഓട്ടോറിക്ഷയ്ക്കും എം-സാന്റിനും ഏർപ്പെടുത്തിയിട്ടുള്ള നികുതി വർദ്ധനവ് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കെട്ടിടനികുതിയിളവ് അനുവദിക്കുന്ന പരിധി 100 Sq. M എന്നത് 150 Sq.M. ആയി ഉയർത്തണം. വൈകുണ്ഠസ്വാമിക്ക് സ്മൃതിമണ്ഡപം സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്നും വൈകുണ്ഠസ്വാമി അന്തർദേശീയ പഠനഗവേഷണ കേന്ദ്രത്തിനനുവദിച്ച തുക വർദ്ധിപ്പിക്കണമെന്നും കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഒരു ഗവൺമെന്റ് പോളിടെക്നിക് അനുവദിച്ചുതരണമെന്നും

അഭ്യർത്ഥിക്കുകയാണ്. രാജ്യത്ത് നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാനിയമം സ്വാഗതാർഹമാണ്. ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ഡോ. ടി.എം. തോമസ് ഐസക്: ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. കേരളത്തിന്റെ ധനസ്ഥിതി സുസ്ഥിരമാണെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. 2012-13-ൽ 3500 കോടി രൂപയാണ് റവന്യൂ കമ്മിയെന്ന് ബഡ്ജറ്റിൽ പറഞ്ഞെങ്കിലും കണക്കിൽ അത് 9351 കോടി രൂപയായത് സംബന്ധിച്ച് വിശദീകരിക്കണം. വരവ് ചെലവ് കണക്കിലും ഈ അന്തരം കാണുന്നതിനാൽ പ്രസംഗത്തിലെ കണക്കാണോ അക്കൗണ്ട്സിലെ കണക്കാണോ ശരി എന്നത് സംബന്ധിച്ച സംശയം ദൂരീകരിക്കണം. മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് അനുസരിച്ച് റവന്യൂ കമ്മിയില്ലാതാക്കാൻ കഴിയില്ല എന്നാണ് കാണുന്നത്. കൃഷിക്കാരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ പറയുന്നുണ്ടെങ്കിലും ഒരു പദ്ധതിക്കുപോലും ടോക്കൺ പ്രൊവിഷൻ വച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കർഷകരക്ഷാ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയും പച്ചക്കറി കൃഷിക്കും കുടുംബശ്രീക്കും കൊടുത്തിരുന്ന വായ്പകളും ഇപ്പോൾ കൊടുക്കുന്നില്ല. കുടുബശ്രീക്ക് ഇതുവരെ കൊടുത്തിട്ടുള്ള പണത്തിന്റെ അനുപാതത്തിൽ ജില്ലാ ബാങ്കിൽ ഓഹരി എടുക്കണമെന്ന നിർദ്ദേശം

പ്രായോഗികമല്ല. കർഷകരക്ഷാ പരിപാടികൾക്കായി 90 ശതമാനം സർക്കാർ പ്രീമിയത്തോടെ ഇൻകം ഗാരന്റിയും വില നിർണ്ണയാവകാശവും കർഷകർക്ക് നൽകുമെന്ന പ്രഖ്യാപനത്തിൽ കൃഷിക്കാരന് വില നിശ്ചയിക്കാൻ എങ്ങനെ കഴിയുമെന്നുകൂടി വ്യക്തമാക്കണം. റവന്യൂ കമ്മി വർദ്ധിച്ച സാഹചര്യത്തിൽ പുതിയ ഇൻകം ഗാരന്റി ഇൻഷ്വറൻസ് സ്കീം നടപ്പാക്കാൻ സാധിക്കുമോയെന്ന കാര്യം സംശയമാണ്. സൗജന്യ വൈദ്യതി, കെട്ടിട നികുതി ഇളവ് ഇവയൊക്കെ അതാത് വകുപ്പുകളാണ് ചെയ്യുന്നത്. ബഡ്ജറ്റിൽ ആശയപരമായ പദ്ധതികൾ മാത്രമാണുള്ളത്. പ്രഖ്യാപിച്ച കർഷകക്ഷേമ പരിപാടികളൊന്നും പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. രണ്ട് ഹെക്ടറിൽ താഴെ നെൽകൃഷിയുള്ള കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് പകരം ആർ.എസ്.ബി.വൈ. പൊതുവിൽ നടപ്പിലാക്കിയാൽ മതിയാകും. ലാപ് ടോപ്പ് കൊടുക്കുന്നത് ബി.പി.എല്. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്താതെ എല്ലാ വിഭാഗം കുടുംബങ്ങളിലെ പെൺകുട്ടികളെയും പരിഗണിക്കണം. ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടമേറ്റെടുക്കും എന്നുപറയുന്നത് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച റിസ്ക് ഇൻഷ്വറൻസ് പദ്ധതിയാണ്. വാഹന നികുതി വർദ്ധനയുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ വിലക്കയറ്റം സൃഷ്ടിക്കും. വർക്ക്സ് കോൺട്രാക്ടിൽ 3 ശതമാനം നികുതി കോമ്പൗണ്ട് ചെയ്യുന്നതുമൂലം സാധനങ്ങൾ പുറത്തുനിന്ന് കൊണ്ടുവരാൻ

നിർബന്ധിതരാകും. റേഷൻകടകൾ വഴി വെളിച്ചെണ്ണ വിതരണം ചെയ്യുകയാണെങ്കിൽ 10 ശതമാനം കേന്ദ്ര സബ്സിഡി ലഭിക്കുമെന്നുള്ളതു കൊണ്ട് കർഷകർക്ക് അത് സഹായകരമാകും.

<u>ശ്രീ. വി.ഡി. സതീശന്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന നിരക്കിൽ സാമ്പത്തിക വളർച്ച നേടിയപ്പോൾ ആഗോള സാമ്പത്തിക നയത്തിന്റെ ഫലമായി രാജ്യത്തെ നികുതി വരുമാനം വർദ്ധിച്ചില്ലെങ്കിലും വളരെ പ്രയാസകരമായ സാഹചര്യങ്ങളിൽപ്പോലും ചെലവുകൾ വെട്ടിച്ചുരുക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. 1550 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതവും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വിത്ത് മുതൽ വിപണിവരെ കർഷകരെ താങ്ങി നിർത്തുന്ന സംവിധാനങ്ങളും ബഡ്ജറ്റിൽ ഉണ്ടാകണം. ഉൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് സംഭരിക്കുമെന്നുള്ള ഉറപ്പ് കൊടുക്കണം. യുവ സംരംഭകർക്കും വനിതാ സ്വയം സംരംഭകർക്കും പ്രോൽസാഹനം നൽകുന്ന പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രവാസികളുടെ കോടിക്കണക്കിന് പണം ഭാവിയിൽ അവർക്കുകൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ ക്രീയാത്മകമായ പ്രവർത്തനങ്ങൾക്കുവേണ്ടി എങ്ങനെ ചെലവഴിക്കാൻ കഴിയുമെന്ന് ചർച്ച

നടത്തണം. ഓരോ ക്വാർട്ടറിലും ഓരോ ബഡ്ജറ്റിന്റേയും ആനുപാതികമായ പുരോഗതി പരിശോധിക്കുകയും അത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. പവിത്രതയും വിശ്വാസ്യതയും നഷ്ടപ്പെടാത്ത രീതിയിൽനിന്നും ഇപ്പോഴുള്ള കൺവെൻഷണൽ ബഡ്ജറ്റിംഗ് രീതിയിൽ മാറ്റം വരണമെന്ന് നിർദ്ദേശിക്കുകയാണ്. നികുതിവകുപ്പിനെ ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിക്കണം. നികുതി പിരിവ് ഊർജ്ജിതമാക്കുകയും വിഭവ സമാഹരണ മേഖലകൾ കണ്ടെത്തുകയും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുകയും വേണം. ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രഷറി ബാങ്ക് അക്കൗണ്ടുകൾ പ്രോത്സാഹിപ്പിക്കണം. ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ബഡ്ജറ്റ് നിർദ്ദേശങ്ങളിലും അടിസ്ഥാനപരമായ മാറ്റമുണ്ടാക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ :</u> ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളെയാകെ കബളിപ്പിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാനസൗകര്യ വികസന ത്തിനായുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുവിതരണ ശൃംഖലകളെ മെച്ചപ്പെടുത്തി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന തിനുള്ള ഇടപെടലുകളൊന്നുംതന്നെ ഈ ബഡ്ജറ്റിൽ നടപ്പാക്കിയതായി കാണുന്നില്ല. വസ്തുങ്ങൾക്കും നിർമ്മാണ സാമഗ്രികൾക്കും നികുതി

വർദ്ധിപ്പിച്ചതുവഴി സാധാരണക്കാരന്റെമേൽ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കുടിവെള്ള പദ്ധതിക്കും കാർഷിക മേഖലയ്ക്കും തുക നീക്കിവച്ചിട്ടില്ല. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും നികുതി വർദ്ധിപ്പിച്ചിരിക്കുന്നത് സ്വയംതൊഴിൽ പദ്ധതിയെ തകർക്കും. ക്ഷേമപദ്ധതി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സർക്കാരിന് കഴിയുന്നില്ല. ആശാ വർക്കർമാരെ സ്ഥിരം തൊഴിലാളികളായി പ്രഖ്യാപിക്കുകയും ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും നൽകുകയും വേണം. അടൂർ മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾക്കുവേണ്ടി തുകയൊന്നും മാറ്റിവയ്ക്കാൻ സർക്കാർ തയ്യാറായിട്ടില്ല.

<u>ശ്രീ. എം. ഉമ്മർ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തിയ സർക്കാരാണിത്. കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതിയ കോളേജുകൾ അനുവദിച്ച നടപടി സ്വാഗതാർഹമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന നാല് മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കിയതും പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിച്ചതും സർക്കാരിന്റെ ഭരണനേട്ടമാണ്. അധിക വിഭവസമാഹരണത്തിലൂടെ, സാധാരണക്കാരന് നികുതിഭാരമുണ്ടാക്കാത്ത നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കർഷകരുടെ മക്കൾക്ക് ലാപ് ടോപ്പ് എന്ന പദ്ധതി സ്വാഗതാർഹമാണ്. മണ്ഡലങ്ങളുടെ നവീകരണത്തിന് അനുവദിച്ചിട്ടുള്ള

പണം പ്രായോഗികമായി വിനിയോഗിക്കാൻ സർക്കാരിന് കഴിഞ്ഞു. മുടങ്ങിക്കിടക്കുന്ന വർക്കുകളുടെ പൂർത്തീകരണത്തിന് എഴുപത്തിയഞ്ച് കോടി രൂപ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹാണ്. അച്ഛനും അമ്മയും നഷ്ടപ്പെട്ട പത്ത് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസച്ചെലവിന്റെ ബാധ്യത ഏറ്റെടുക്കുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനത്തെ പ്രതിപക്ഷം നിസ്സാരവത്ക്കരിക്കരുത്. സംസ്ഥാനത്ത് ലോട്ടറി തട്ടിപ്പിന് നിയന്ത്രണമേർപ്പെടുത്തിയതും പാവങ്ങൾക്കായി കാരുണ്യ ലോട്ടറി ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. പ്രവാസികളുടെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുകയും കൃഷി, വ്യവസായം തുടങ്ങിയ രംഗങ്ങളിൽ നൂതന ആശയാവിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം. നിലമ്പൂര്-നഞ്ചൻകോട് റെയിലിന് ആദ്യമായി ബജറ്റിൽ വകയിരുത്തിയ അഞ്ച് കോടി രൂപ ഫലപ്രദമായി വിനിയോഗിക്കുന്നതിനും വരാൻ പോകുന്ന കേന്ദ്രബജറ്റിൽ കൂടുതൽ തുക ലഭ്യമാക്കിക്കൊണ്ട് ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമവും നടത്തണം. മാപ്പിള കവി പുലിക്കോട്ടിൽ ഹൈദ്രോസ് സ്മാരകത്തിന് അമ്പത് ലക്ഷം രൂപ വകയിരുത്തണം. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കണം.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: ബജറ്റിനെ എതിർക്കുന്നു. ഒരു മേഖലയ്ക്കും

പ്രത്യേകമായ ഊന്നൽ കൊടുക്കാതെയും കേരളത്തിലെ കാതലായ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാതെയുമുള്ള ഒരു ബജറ്റാണിത്. വിലക്കയറ്റം തടയാൻ യാതൊരു നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. പൊതുവിപണിയിൽ ഇടപെടുന്നതിനാവശ്യമായ സർക്കാർ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയോ കാർഷികമേഖലയുടെ ഉന്നമനത്തിനുവേണ്ടിയോ ഒരു നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. സർക്കാർ പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവ പ്രാവർത്തികമാക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പ്രധാന പ്രഖ്യാപനങ്ങളൊന്നും പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മൈക്രോ ഇറിഗേഷൻ, ഗ്രീൻ ഹൗസ്, കാർബൺഡയോക്സൈഡ് പ്രയോഗം, മുന്തിയ സങ്കരയിനം വിത്തുകളുടെ ഉപയോഗം എന്നിവയിലൂടെ ഹൈടെക് കൃഷിരീതി വ്യാപകമായി നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനവും റൈസ് ബയോപാർക്ക്, കോക്കനട്ട് ബയോപാർക്ക് എന്നിവയും ചെറുകിട കർഷരുടെ പലിശബാധ്യത എഴുതിത്തള്ളൽ, ചെറുകിടകർഷകർക്ക് പലിശരഹിത വായ്പ, കാർഷിക വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്, । മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റുകളും തുടങ്ങി കാർഷിക മേഖലയെ സമുദ്ധരിക്കാനുള്ള നിർദ്ദേശങ്ങളുമെല്ലാം കേവലം പ്രഖ്യാപനങ്ങളിൽ ഒതുങ്ങിനിൽക്കുകയാണുണ്ടായത്. പത്തനംതിട്ട ജില്ലയിൽ ഭരണപക്ഷ-പ്രതിപക്ഷ

അംഗങ്ങളോട് വിവേചനപരമായ സമീപനമാണ് സ്വീകരിച്ചത്. ഓട്ടോറിക്ഷയുടെ നികുതി നിരക്ക് വർദ്ധിപ്പിച്ച് പാവപ്പെട്ടവരെ ദ്രോഹിക്കുന്നതിനുപകരം സിഗററ്റിന്റെ നികുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിൽ അഭികാമ്യമായിരുന്നു. ഓട്ടോറിക്ഷയുടെ നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വിലക്കയറ്റം ചെറുക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ചീഫ് വിപ്പ് <u>(ശ്രീ. പി. സി. ജോർജ്):</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കർഷക സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്ന ബഡ്ജറ്റാണിത്. വിൽപ്പന ബിൽ നൽകാതിരിക്കുന്ന വ്യാപാരികളിൽനിന്നും പിഴ ചുമത്തുന്നതിന് പുറമെ പ്രോസിക്യൂഷൻ നടപടിക്കുള്ള വ്യവസ്ഥ ഒഴിവാക്കണം. പൊതുജന ങ്ങൾക്ക് യാതൊരു നികുതിബാദ്ധ്യതയും ഉണ്ടാക്കാതെ ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഈടാക്കണമെന്ന വ്യവസ്ഥയും പിരിച്ചെടുത്ത വാറ്റ് നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 36 ശതമാനം പലിശ ഈടാക്കുന്നതിനുള്ള നിർദ്ദേശവും ഒഴിവാക്കണം. നികുതി നിർദ്ദേശങ്ങൾ ജനദ്രോഹപരമാകാതെ സർക്കാരിന്റെ ഖജനാവിലേയ്ക്ക് ധനസമാഹരണം

നടത്താൻ കഴിയുന്നതാകണം. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് 10 കോടി രൂപ അനുവദിക്കണം. കപ്പലിന്റെ ഇന്ധനമായി ഉപയോഗിക്കുന്ന ഫർണസ് ഓയിലിന്റെ നികുതി 14.5 ശതമാനത്തിൽനിന്ന് എട്ട് ശതമാനമാക്കിയാൽ കപ്പലുകൾക്ക് ഗുണകര മാകുന്നതോടൊപ്പം ഖജനാവിലേയ്ക്കും മുതൽക്കൂട്ടാകും. മുണ്ടക്കയം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടിയുണ്ടാകണം. മുൻ ത്രിതല പഞ്ചായത്ത് മെമ്പർമാർക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മെമ്പർമാർക്കും പെൻഷൻ ഏർപ്പെടുത്തണം.

<u>ശ്രീ. പി. കെ. ഗുരുദാസന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കൃഷിക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോയെന്നത് സംശയകരമാണ്. റബ്ബറിന്റെ ഇറക്കുമതിനയം തിരുത്തണം. സാമ്പത്തിക ഉത്തരവാദിത്ത നിയമം നടപ്പിലാക്കാൻ സാധിക്കുന്നില്ല. വിലക്കയറ്റം തടഞ്ഞു നിർത്താൻ കഴിയാത്തതിനാൽ കേരളത്തിന്റെ ഭാവി ഗുരുതരമായ പ്രതിസന്ധിയിൽ എത്തിനിൽക്കുന്നു. വിലക്കയറ്റംമൂലം ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ അവരുടെമേൽ അധിക നികുതി അടിച്ചേൽപിക്കുന്ന സ്ഥിതിവിശേഷം ശരിയല്ല. ഓട്ടോറിക്ഷ, ടാക്സി എന്നിവയുടെ നികുതി വർദ്ധിപ്പിച്ചതു പിൻവലിക്കണം. പുതിയ നികുതികൾ ഏർപ്പെടുത്തുന്ന തിനുപകരം നിലവിലുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാനും കേന്ദ്ര

സർക്കാരിൽനിന്നും ധനസഹായം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കണം. ആഭ്യന്തര വരുമാനം സ്വരൂപിക്കാനുള്ള സാമ്പത്തിക അച്ചടക്കവും കാര്യക്ഷമതയുമുണ്ടാകണം. പണപ്പെരുപ്പം വർദ്ധിച്ചു. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ അവസ്ഥ ശോചനീയമാണ്. കശുവണ്ടി മേഖലയിൽ അരാജകത്വം വർദ്ധിച്ചുവരുന്നു. തൊഴിലാളികളുടെ ലിവിംഗ് ഇൻഡകസ് സംബന്ധിച്ച കാര്യങ്ങൾക്കായി കഴിഞ്ഞ സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാത്തതിന്റെ ഫലമായി വർക്കിംഗ് ക്ലാസ്സിന് യഥാർത്ഥ വരുമാനം നഷ്ടപ്പെടുന്നു. വിദേശനാണ്യം നേടിത്തരുന്ന കാഷ്യുമേഖലയോടുള്ള വിവേചനം അവസാനിപ്പിക്കണം. കാഷ്യുകോർപ്പറേഷനും കാപ്പക്സിനും കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ കുറഞ്ഞ സാമ്പത്തിക സഹായം പ്രഖ്യാപിച്ചത് ശരിയായ നടപടിയല്ല. കാഷ്യു കോർപ്പറേഷന് 36 കോടി രൂപയുടെ ഗ്രാറ്റുവിറ്റി നൽകാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി നിലനിർത്തണം. മത്സ്യത്തൊഴിലാളികൾക്ക് വീട്, വെള്ളം, വെളിച്ചം, ശുചിത്വം എന്നീ കാര്യങ്ങളിൽ അർഹിക്കുന്ന പരിഗണന നൽകുന്നതോടൊപ്പം അവർക്ക് അർഹമായ ആനുകൂല്യവും നൽകണം. ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച ബോട്ടുകൾക്ക് ഡീസൽ സബ്സിഡിയും പ്രകൃതിദത്തമായ ദുരന്തങ്ങൾക്ക് നഷ്ടപരിഹാരവും നൽകാൻ നടപടികൾ സ്വീകരിക്കണം. കയർമേഖലയെ

തകർക്കുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണം. കൈത്തറി മേഖലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. കൊല്ലം ജില്ലയിൽ വാഗ്ദാനം ചെയ്ത മെഡിക്കൽ കോളേജ് സ്ഥാപിക്കുകയും നഗര പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. എല്ലാ തൊഴിലാളിക്ഷേമ പെൻഷനുകളും ആയിരം രൂപയാക്കി വർദ്ധിപ്പിക്കണം. അംഗൻവാടി ജീവനക്കാർക്ക് 2000 രൂപയും ആശാവർക്കേഴ്സിന് ആയിരം രൂപയും ഓണറേറിയം നൽകണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണം. പുതിയതായി ഐ.ടി.ഐ.-കൾ ആരംഭിക്കണം. സ്കാറ്റേർഡ് വർക്കേഴ്സ്, ഹെഡ് ലോഡ് വർക്കേഴ്സ് എന്നിവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകണം.

ഡോ. എന്. ജയരാജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ കാർഷികമേഖലയ്ക്ക് വേണ്ട പ്രാധാന്യം നൽകിയത് സ്വാഗതാർഹമാണ്. കാർഷിക ഉൽപ്പന്ന മേഖലയിൽ കർഷകർക്ക് പ്രീമീയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വില നിർണ്ണയ അവകാശവും നൽകാൻ ഭരണ-പ്രതിപക്ഷഭേദമെന്യ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി കാർഷിക മേഖലയിൽ നിന്നുമുള്ള കർഷകരുടെ പിന്മാറ്റം തടയണം. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിഭവ സമാഹരണം ഉണ്ടാകണം. ഓട്ടോറിക്ഷകൾക്ക് ലംപ്സം ടാക്സ് ഏർപ്പെടുത്തിയത് പിൻവലിക്കണം. ക്യാരവാനുകൾക്കും മദ്യത്തിനും

ആഡംബര കാറുകൾക്കും ബൈക്കുകൾക്കും കെട്ടിടങ്ങൾക്കും നികുതി വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. മണലിന്റെ റോയൽറ്റി കൂട്ടുകയും മണൽ ലോബികളെ നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കേരളത്തിലെ കാർഷിക സമൃദ്ധിക്ക് ഉത്തേജനം നൽകാൻ ബജറ്റ് നിർദ്ദേശങ്ങൾക്ക് കഴിയും. സ്കൂളുകളിലെ സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിക്കണം. വിമൻസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ മുൻകയ്യെടുക്കുകയും വെള്ളാവൂർ കുടിവെള്ള പദ്ധതിക്ക് കൂടുതൽ പണം അനുവദിക്കുകയും ചെയ്യണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. അവാസ്തവമായ കണക്കുകളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നിർദ്ദേശങ്ങളൊന്നുംതന്നെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ജനങ്ങളുടെമേൽ അധിക നികുതി അടിച്ചേൽപ്പിച്ചുകൊണ്ടുള്ള നിർദ്ദേശംമൂലം ഭാവിയിൽ കേരളത്തിന്റെ കട ബാധ്യത വർദ്ധിക്കുകയും വിലക്കയറ്റം ഉണ്ടാകുകയും ചെയ്യും. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചിട്ടില്ല. കൃഷി, വ്യവസായം, ടൂറിസം, ഗതാഗതം തുടങ്ങിയ മേഖലകളെ തകർക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക്

കൂടുതൽ തുക അനുവദിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ പാവപ്പെട്ട സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. കൊല്ലം ജില്ലയുടെ സമഗ്രമായ വികസനത്തിനോ കാഷ്യൂ ബോർഡ് സ്ഥാപിക്കാനോ തുക വകയിരുത്തിയിട്ടില്ല. കശുവണ്ടി മേഖലയ്ക്കുവേണ്ടി മാറ്റിവച്ച തുക അപര്യാപ്തമാണ്. ടെക്സ്റ്റയിൽസിന് ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയ നടപടിയും സ്വർണ്ണ വ്യാപാര മേഖലയിൽ നികുതി ഇളവ് കൊടുത്ത നടപടിയും ശരിയല്ല. എം.സാന്റിനും പാറയ്ക്കും വിലകൂട്ടി ക്വാറി ഉടമകളെ സഹായിക്കുകവഴി പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണന്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് ഏറെ ദുരിതവും കഷ്ടപ്പാടും പ്രദാനം ചെയ്യുന്ന ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടു. വിവിധ രംഗങ്ങളിൽ ആർജ്ജിച്ച നേട്ടങ്ങളിൽ നിന്നും പിന്നോട്ട് കൊണ്ടുപോകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. ഇന്ന് കാർഷിക മേഖല വമ്പിച്ച തകർച്ചയെ നേരിടുകയാണ്. കസ്തൂരി രംഗൻ റിപ്പോർട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും മലയോര കർഷകരെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. കാർഷിക മേഖലയെ പുനരുദ്ധരിക്കാനുതകുന്ന നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിലില്ല. മലയോരകർഷകരെ കബളിപ്പിക്കുന്ന

തിനുവേണ്ടി നടപ്പിലാക്കാൻ കഴിയാത്ത ചില പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. നെല്ലുൽപ്പാദനരംഗത്ത് കേരളം പുറകിലാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുതകുന്ന നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല എന്നുമാത്രമല്ല വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കാനുതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുകടവും റവന്യൂ കമ്മിയും വർദ്ധിച്ചുവരുന്നതിനാൽ കേരളം കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പദ്ധതികൾക്കായി നീക്കിവച്ച തുകകൾ ചെലവഴിക്കുന്നില്ല. ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട തുകകളൊന്നും കൊടുക്കാതെ അവയെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. പദ്ധതി ചെലവുകൾ വെട്ടിച്ചുരുക്കി. മണൽ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും കരാറുകാർക്ക് കൊടുക്കാനുള്ള വർദ്ധിച്ച കുടിശ്ശികയുംമൂലം നിർമ്മാണരംഗം സ്തംഭനാവസ്ഥയിലാണ്. കരാറുകാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ഊർജ്ജോൽപ്പാദന രംഗത്തുണ്ടായ കുറവുമൂലം വികസനരംഗം പ്രതിസന്ധിയിലാണ്. കുടിവെള്ളപ്രശ്നവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ ഇല്ല. മുൻബഡ്ജറ്റിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമികൊടുക്കാൻ വേണ്ടി മാറ്റിവച്ചതുൾപ്പെടെ പട്ടിക ജാതി-പട്ടിക വർഗ്ഗ വികസത്തിനായി മാറ്റിവച്ച തുകകൾ വിനിയോഗിച്ചിട്ടില്ല.

ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ബഡ്ജറ്റിൽ തൃശ്ശൂർ ജില്ലയെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഒരു സന്തുലിത ബഡ്ജറ്റാണ് ഇത്. കഴിഞ്ഞ സാമ്പത്തിക വർഷം 8.5 ശതമാനം വളർച്ച നേടിയ കേരളം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. നിർമ്മാണ മേഖലയിൽ 18.83 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നികുതി വരുമാനത്തിൽ കാര്യമായ കുറവ് സംഭവിച്ചുവെങ്കിലും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വീഴ്ച വരുത്താതെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്. കാർഷിക-ഭക്ഷ്യോത്പാദനമേഖലയിൽ കാര്യമായ കുറവ് വന്നത് വിലക്കയറ്റത്തിന് കാരണമായി. ഈ ബഡ്ജറ്റിൽ ഭക്ഷ്യോത്പാദന രംഗത്ത് കൂടുതൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ നികുതി കുറച്ചുകൊണ്ട് വിലക്കയറ്റം തടയാനാണ് ശ്രമിച്ചിരിക്കുന്നത്. ഓട്ടോറിക്ഷയേയും 75 സി.സി. വരെയുള്ള ഇരുചക്ര വാഹനങ്ങളേയും 800 സി.സി. വരെയുള്ള കാറുകളേയും നികുതിയിൽനിന്നും ഒഴിവാക്കണം. മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. പഞ്ചായത്ത് മെമ്പർമാർക്കുകൂടി പെൻഷൻ പദ്ധതി നടപ്പാക്കണം. വൈകുണ്ഠസ്വാമികളുടെ സ്മാരകത്തിനും കെ. കരുണാകരൻ സ്മാരക

മന്ദിരത്തിനും ആവശ്യമായ തുക അനുവദിക്കണം. കണ്ണൂർ എയർപോർട്ട്, സ്മാർട്ട് സിറ്റി, മെട്രോ റെയില്, വിഴിഞ്ഞം തുറമുഖം, ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ എന്നിവ യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു.

<u>ശ്രീ. മുല്ലക്കര രത്നാകരന്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം കാരണം കേരളത്തിലെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ ലഭ്യമാകുന്നില്ല. പങ്കാളിത്തപെൻഷനും നിയമനനിരോധനവും കാരണം ജനങ്ങൾ അസന്തുഷ്ടരാണ്. കെ.എസ്.ആർ.ടി.സി.-യെയോ കെ.എസ്.ഇ.ബി.-യെയോ പ്രതിസന്ധിയിൽനിന്നും രക്ഷപ്പെടുത്തുന്നതിനോ വിലക്കയറ്റം നേരിടുന്നതിനോ ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. കേരളത്തിലെ ഭക്ഷ്യവിള സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. കടൽനിരപ്പിൽനിന്ന് താഴ്ന്ന് നെൽകൃഷി ചെയ്യുന്നിടത്ത് ഒരു ഇന്റർനാഷണൽ സ്വഭാവമുള്ള ഗവേഷണകേന്ദ്രമുണ്ടാകുമെന്ന് പ്രഖ്യാപിച്ചെങ്കിലും അത് നടപ്പാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ

നൽകിയിരുന്നു. കേരളത്തിലെ ഭക്ഷ്യവിളകളുടെ ഉൽപ്പാദനം കുറയുന്നതിനാൽ അവശ്യസാധനങ്ങളുടെ ഉൽപ്പാദനവും കുറഞ്ഞിരിക്കുകയാണ്. ഹൈടെക് കൃഷിയെക്കുറിച്ച് വ്യക്തതയില്ലാത്ത ആശയങ്ങളാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇത്തരമൊരു കൃഷി രീതി കേരളത്തിൽ കൊണ്ടുവരുമ്പോൾ അത് ഇവിടത്തെ കർഷകരുടെ ജീവിതരീതി, കൃഷി എന്നിവ നിലനിർത്തുന്ന തരത്തിലാണോ എന്നുള്ള കാര്യം സംബന്ധിച്ച് പഠനം നടത്തണം.

<u>ശ്രീ. സാജു പോള്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ജനദ്രോഹകരമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. യുക്തിക്ക് നിരക്കാത്ത രീതിയിൽ വിൽപ്പന നികുതി വർദ്ധിപ്പിച്ചിരിക്കുന്നത് വ്യവസായ സംരംഭകരെ ദോഷകരമായി ബാധിക്കുന്നതിനിടയാക്കും. ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ജലരേഖയായി മാറിയിരിക്കുകയാണ്. വിവിധ രീതിയിൽ സംസ്ഥാനത്തിന് വരുമാനമുണ്ടാക്കാമെന്നിരിക്കെ വസ്തുങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിച്ചിരിക്കുന്നതുമൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. നിയമപരമായ രീതിയിൽ കൈവശം വച്ചിട്ടുള്ള തോക്കുകൾക്ക് ലൈസൻസ് പുതുക്കി നൽകാൻ നടപടി സ്വീകരിക്കണം. തൊഴിലില്ലായ്മയും പ്രവാസി മലയാളികളുടെ പ്രശ്നങ്ങളും

പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചെറുകിട വ്യവസായ മേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നുള്ളത് വെറും വാഗ്ദാനമായി മാറി. ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റും കരാറുകാരുടെ കുടിശ്ശികയും നൽകുന്നതിനും പൂട്ടിക്കിടക്കുന്ന ട്രാവൻകൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അന്യസംസ്ഥാന തൊഴിലാളികളെപ്പറ്റിയോ മുല്ലപ്പെരിയാർ ഡാം നിർമ്മാണത്തെപ്പറ്റിയോ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. ധൂർത്തും അഴിമതിയും നടത്തി ഖജനാവിനെ കാലിയാക്കുന്ന ബഡ്ജറ്റാണിത്.

<u>ശ്രീ. എന്. എ. നെല്ലിക്കുന്ന്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വിവിധ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും സാക്ഷരതാ പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ചതും അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചതും സ്വാഗതാർഹമാണ്. കാൻസർ രോഗികൾക്ക് ചികിത്സാ സൗകര്യവും കാൻസർ രോഗനിർണ്ണയത്തിന് പഞ്ചായത്തുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചതും ഐ.റ്റി. പാർക്കുകളുടെയും മത്സ്യമേഖലയുടെയും വികസനത്തിന് തുക നീക്കിവച്ചതും

മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തതും അഭിനന്ദനാർഹമാണ്. അനാഥ വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി തലംവരെ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനും മിടുക്കരായ വിദ്യാർത്ഥിനികൾക്ക് സൗജന്യ ലാപ് ടോപ്പ് നൽകുന്നതിനുമുള്ള തീരുമാനം ശ്ലാഘനീയമാണ്. കാലാവസ്ഥാവ്യതിയാനംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും കാസർഗോഡ് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ ആന്റ് പബ്ലിക് ഹെൽത്ത് ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. കാർഷികമേഖലയിൽ കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള നൂതനാശയങ്ങളാണ് ബഡ്ജറ്റിലൂടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയുടെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ പാക്കേജ് ഏർപ്പെടുത്തിയതും സർക്കാർ തലത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച മെഡിക്കൽ കോളേജിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ആട്ടോറിക്ഷകൾക്കും ടൂറിസ്റ്റ് കാറുകൾക്കും നികുതി വർദ്ധിപ്പിച്ചത് സാധാരണക്കാരെ

ബുദ്ധിമുട്ടിക്കുമെന്നുള്ളതിനാൽ ഇക്കാര്യം പുന:പരിശോധിക്കണം. സ്വർണ്ണ ഇറക്കുമതിക്കേർപ്പെടുത്തിയ നിയന്ത്രണംമൂലവും ഉയർന്ന മൂല്യ വർദ്ധിത നികുതിമൂലവും സ്വർണ്ണവ്യാപാരമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. കാസർഗോഡ് ടൗൺഹാളിന്റെ സൗകര്യം വിപുലപ്പെടുത്തുന്നതിനും മഹാകവി പുലിക്കോട്ടിൽ ഹൈദർ സ്മാരക മാപ്പിള കലാപഠനപരിശീലന കേന്ദ്രത്തിനുവേണ്ടിയും ആവശ്യമായ തുക അനുവദിക്കണം. മംഗലാപുരത്തെ ആശുപത്രികളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്ന തിന് നടപടി സ്വീകരിക്കണം. എം-സാന്റിന് നികുതി ഏർപ്പെടുത്തിയതിലൂടെയും മെറ്റൽ ക്രഷറുകളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെയും പാർപ്പിടനിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. നഗരസഭകളിലേയും പഞ്ചായത്തുകളിലേയും മുൻഅംഗങ്ങള്, സംസ്ഥാന-ജില്ലാ ടീമുകളിൽ പങ്കെടുത്ത കായികതാരങ്ങളിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവര്, സഹകരണ ബാങ്കുകളിൽനിന്നും വി.ആര്.എസ്. വാങ്ങിയവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് പെൻഷൻ പദ്ധതികൾ ആവിഷ്കരിക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്)</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ജനോപകാരപ്രദമല്ലാത്തതും അടിസ്ഥാനമേഖലകളെ തകർക്കുന്നതുമായ

നിർദ്ദേശങ്ങൾ അടങ്ങിയതാണ് ഈ ബഡ്ജറ്റ്. സർക്കാർ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്നതല്ലാതെ അവയൊന്നും പ്രാവർത്തികമാക്കുന്നില്ല. മലയോര പാതകളുടെ വികസനത്തിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാസർഗോഡിനായി പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് പതിനാലാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിലെ ആവശ്യങ്ങളൊന്നും കേന്ദ്രഗവൺമെന്റ് അംഗീകരിക്കുമെന്ന പ്രതീക്ഷയില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുപകരം പുതിയ നികുതി നിർദ്ദേശങ്ങൾ ഏർപ്പെടുത്തിയ നടപടി അശാസ്ത്രീയമാണ്. നീലേശ്വരത്ത് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പേരിൽ സമുചിതമായ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കർഷകർക്ക് അനുകൂലമായതും യുവസംരംഭകർക്കും വിദ്യാർത്ഥികൾക്കും പ്രാധാന്യം നൽകുന്നതുമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി കൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യൽ, മത്സ്യവിപണന കേന്ദ്രങ്ങൾ തുറക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകൽ, രണ്ടുഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ തീരുമാനങ്ങൾ സ്വാഗതാർഹമാണ്.

കേരളത്തിന്റെ തീരപ്രദേശത്തെ അഭിവൃദ്ധിപ്പെടുത്തുന്ന നയമാണ് ബഡ്ജറ്റിൽ പ്രകടമാകുന്നത്. മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വൻതോതിലുള്ള സംഭരണശാലകൾ ആരംഭിക്കാൻ നടപടിയുണ്ടാകണം. വൻ മുതൽ മുടക്കില്ലാതെ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കാനുള്ള തീരുമാനം നിക്ഷേപകരായ ചെറുപ്പക്കാർക്ക് പ്രചോദനമായിട്ടുണ്ട്. ഇന്ത്യയിലാദ്യമായി 90 ശതമാനം പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന കർഷക ഇൻഷ്വറൻസ് പദ്ധതിയും രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കാനുള്ള തീരുമാനവും പാവപ്പെട്ടവരുടെ സഹായ ഹസ്തമായ കാരുണ്യ ബെനലവന്റ് ഫണ്ടിലേയ്ക്കായി ഒരു പുതിയ ലോട്ടറി കൂടി ആരംഭിക്കാനുണ്ടായ തീരുമാനവും ശ്ലാഘനീയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്, മെഡിസിൻ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് നൽകുന്നതുപോലെ മറ്റ് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കുകൂടി ലാപ് ടോപ് നൽകാൻ നടപടിയുണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് കോളനികളുടെ വികസനത്തിന് ധനസഹായം നൽകണം. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുമുള്ള ധനസഹായം വർദ്ധിപ്പിച്ചു നൽകാനാവശ്യമായ തുകയും പാലക്കാട് പട്ടികജാതി

വികസന വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താനാവശ്യമായ തുകയും ബഡ്ജറ്റിൽ വകയിരുത്തണം. പട്ടികജാതിക്കാരുടെ ഒരുലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളാനും പട്ടികജാതി വിഭാഗത്തിനായി എയ്ഡഡ് മേഖലയിൽ കോളേജ് ആരംഭിക്കാനും നടപടിയുണ്ടാകണം. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന നിത്യരോഗികളുടെ ചികിത്സാ ചെലവിലേക്ക് പ്രതിമാസം 1000 രൂപ വരെ സഹായം നൽകുന്ന പദ്ധതി ആശാവഹമാണ്. ഓട്ടോറിക്ഷയുടെ നികുതി വർദ്ധിപ്പിച്ചത് പുന:പരിശോധിക്കണം. ഫ്ലെക്സ് ബോർഡുകൾക്ക് നിശ്ചിത നികുതി ഏർപ്പെടുത്തി ചികിത്സാ സഹായനിധിയിലേക്ക് കൊണ്ടുവരുന്ന സംവിധാനം ഏർപ്പെടുത്തണം. പാവപ്പെട്ടവരെ സംരക്ഷിക്കുന്നതും സാധാരണക്കാർക്കും കർഷകർക്കും പ്രയോജനം ചെയ്യുന്നതുമായ ബഡ്ജറ്റാണിത്.

<u>ശ്രീ എ. പ്രദീപ് കുമാര്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. രൂക്ഷമായ വിലക്കയറ്റത്തെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഇല്ല. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി ഇനത്തിലെ വിഹിതം കഴിഞ്ഞ തവണത്തേക്കാൾ കുറച്ചത് ശരിയായ നടപടിയല്ല. കൺസ്യൂമർ ഫെഡിന് സബ്സിഡി ഇനത്തിൽ 420 കോടി രൂപ നൽകാനുള്ളപ്പോൾ വെറും 11 കോടി രൂപ

നീക്കിവച്ചത് അപലപനീയമാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചതുപോലെ കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ്സുകൾ വാങ്ങുന്നതിനോ പുനരുദ്ധാരണ പാക്കേജിനോ പണം വകയിരുത്തിയിട്ടില്ല. മാതൃകാ ഹരിത ഹൈടെക് ഗ്രാമങ്ങള്, തൃപ്തി ന്യായവില ഭക്ഷണശാലകള്, സ്കൂളുകൾക്ക് ഡിജിറ്റൽ ലൈബ്രറി, സർക്കാർ സ്കൂളുകളുടെ ആധുനിക വൽക്കരണം, യാചക വിമുക്ത കേരളം എന്നിവയുൾപ്പെടെ മുൻവർഷങ്ങളിലെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്തിന്റെ വികസനദിശയെക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊരു കാഴ്ചപ്പാടുമില്ല. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കെ.എസ്.ഇ.ബി.-യുടെ തനതു പ്രവർത്തനങ്ങളല്ലാതെ സർക്കാരിന്റെ യാതൊരു സഹായവുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പരിഗണന നൽകുകയോ സാനിട്ടേഷന്, സ്ലാട്ടർ ഹൗസുകള്, ശ്മശാനങ്ങൾ എന്നിവയുടെ നിർമ്മാണ ങ്ങൾക്ക് പണം നൽകുകയോ ചെയ്യാത്തതുമൂലം വികസനം പ്രതിസന്ധിയിലായിരിക്കുകയാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട വികസന സാധ്യതയായ മനുഷ്യവിഭവശേഷി വികസനം സാധ്യമാക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്താനോ ഐ.റ്റി. മേഖലയുടെ വികസനത്തിനുവേണ്ടിയോ തുക വകയിരുത്തിയിട്ടില്ല. മലബാർ പാക്കേജ്, ബേപ്പൂർ തുറമുഖ വികസനം, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം

എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്ക് തുക വകയിരുത്തിയിട്ടില്ല. കോഴിക്കോട് കൾച്ചറൽ വില്ലേജ് സ്ഥാപിക്കുന്നതിനും തലയോലപറമ്പിൽ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മിക്കാനും നടപടികൾ സ്വീകരിക്കണം. സ്വാതന്ത്ര്യ സമരസേനാനിയായ ഇ. മൊയ്തു മൗലവി സ്മാരകത്തിന്റെ നടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകയിരുത്തണം.

സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.

**************************